"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്. ഡി. ആർ. എഫ്. - കോഴിക്കോട് ജില്ല - ചേളന്നൂർ ബ്ലോക്ക് - കക്കോടി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഒറ്റത്തെങ്ങ് കരിപ്പാകടവ് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.443/2025/DMD തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:- 1. 19.02.2024 ലെ സ. ഉ. (സാധാ) നം. 208/2024/ഡി.എം.ഡി.

2. കോഴിക്കോട് ജില്ലാകളക്ടറുടെ 04.06.2025 ലെ DCKKD/10968/2024-F6 നമ്പർ കത്ത്

**ഉത്തരവ്**

എസ്. ഡി. ആർ. എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി സർക്കാർ ഉത്തരവ് പ്രകാരം 8,00,000/- (എട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്കിലെ കക്കോടി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഒറ്റത്തെങ്ങ് കരിപ്പാകടവ് റോഡ് പുനരുദ്ധാരണ പ്രവൃത്തി ടെണ്ടർ/റീ-ടെണ്ടർ എന്നിവ നടത്തിയെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. 2025 ഏപ്രിൽ മുതൽ ഡി. എസ്. ആർ. നിരക്കിൽ വ്യത്യാസം വരികയും പ്രൈസ് സോഫ്റ്റ് വെയർ അപ്ഡേഷൻ സാങ്കേതിക കാരണങ്ങളാൽ റീ കാസ്റ്റ് ചെയ്ത എസ്റ്റിമേറ്റ് ഉൾപ്പെടുത്തി ഈ വർഷത്തെ കാലവർഷം കൂടി പരിഗണിച്ച് ഭരണാനുമതി കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ ചേളന്നൂർ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്കിലെ കക്കോടി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഒറ്റത്തെങ്ങ് കരിപ്പാകടവ് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി ഇനി ദീർഘിപ്പിച്ച് നൽകില്ല എന്ന വ്യവസ്ഥയിൽ ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത പ്രവൃത്തി ഭരണാനുമതി കാലാവധിക്കകത്ത് തന്നെ പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

ജില്ലാകളക്ടർ, കോഴിക്കോട്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/130/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by

Kumari Rekha S R

സെക്ഷൻ ഓഫീസർ

Date: 30-06-2025 12:44:36

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്